പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:78 28.09.2011- ലെ മറുപടി

എംപാനൽ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

ചോദ്യം ഉത്തരം

ഡോ. എൻ. ജയരാജ്
ശ്രീ തോമസ് ഉണ്ണിയാടൻ
'' പി. സി. ജോർജ്
'' റോഷി അഗസ്റ്റിൻ

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ.എസ്.ആർ.ടി. സി.യിൽ എത്ര എംപാനൽ ജീവനക്കാർ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ.എസ്.ആർ.ടി.സി.യിൽ 12,098 എംപാനൽ ജീവനക്കാർ നിലവിലുണ്ടായിരുന്നു. തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br>മിനിസ്റ്റീരിയൽ - 454<br>മെക്കാനിക്കൽ - 2,049<br>കണ്ടക്ടർ - 6,442<br>ഡ്രൈവർ - 3,153 |
| (ബി) | എംപാനൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് തടസ്സമായി നില്ക്കുന്ന സംഗതി എന്താണ് ; | (ബി) | എംപാനൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നിലവിൽ 16 കേസ്സുകൾ കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്. കെ.എസ്.ആർ.ടി.സി.യിലെ സ്ഥിരനിയമനം പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടിട്ടുള്ളതിനാൽ പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് പി.എസ്.സി.യും അനുകൂലിക്കുന്നില്ല. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ജീവനക്കാരെ സ്ഥിര പ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സർക്കാർ കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ എന്തെല്ലാമാണ് ; സ്ഥിരപ്പെടുത്തലിന് സീനിയോ റിറ്റി മാനദണ്ഡമാക്കാൻ ഉദ്ദേശി ക്കുന്നുണ്ടോ; വ്യക്തമാക്കുമോ ? | (സി) | 31.08.2008-ൽ എട്ട് സേവന വർഷം പൂർത്തിയാക്കിയ എംപാനൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് 2630 പേരുടെ പട്ടിക കെ.എസ്.ആർ.ടി.സി. സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പട്ടികയിൽ 1,447 കണ്ടക്ടർമാരും, 786 ഡ്രൈവർമാരും, 397 മെക്കാനിക്കുകളും ഉൾപ്പെട്ടിട്ടുണ്ട്. ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർ ഓരോ സേവന വർഷവും 120-ൽ കുറയാത്ത ഡ്യൂട്ടി ചെയ്തവരും , 01.09.2008-ൽ സജീവമായി സർവ്വീസിൽ തുടർന്നുവരുന്നവരുമാണ്. ഈ വിഭാഗത്തിനുപുറമേ 912 അൺ അഡ്വൈസ്ഡ് എംപാനൽ കണ്ടക്ടർമാരെ സ്ഥിരപ്പെടുത്തുന്ന കാര്യവും പരിഗണനയിലുണ്ട്. എംപാനൽ ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് വിവിധ വശങ്ങൾ സർക്കാർ പരിശോധിച്ചുവരുകയാണ്. |

സെക്ഷൻ ഓഫീസർ